13.03.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# ബിദ്അത്തുകളില്ലാത്ത പ്രവാചകസ്മരണയാണ് യഥാര്‍ത്ഥ ആഘോഷം

രണ്ട് മൂന്ന് ദിവസം മുമ്പ് റബീഉല്‍ അവ്വല്‍ 12, നബി(സ)യുടെ ജന്മദിനം ആയിരുന്നു. മുസ്ലീംകളില്‍ ഒരു വിഭാഗം അത്യുത്സാഹപൂര്‍വ്വം ഇതിനെ ആഘോഷിച്ചു.പാക്കിസ്ഥാനിലും ഏഷ്യ ഉപഭൂഖണ്ഡത്തില്‍ മൊത്തത്തിലും ഇതിനായി വലിയ ഒരുക്കങ്ങളെല്ലാം നടത്തുകയുണ്ടായി. നമ്മുടെ എതിരാളികളില്‍ ചിലര്‍ എന്നോടും മറ്റ് അഹ്മദീസഹോദരന്മാരോടും ചോദിക്കാറുണ്ട്, അഹ്മദികള്‍ ഈ ദിനത്തെ എന്തുകൊണ്ട് ആഘോഷിക്കുന്നില്ല എന്ന്. ഇതുമായി ബന്ധപ്പെട്ട് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്‍കിയ ഉപദേശങ്ങള്‍ എന്തെല്ലാമാണെന്ന് ഞാനിന്ന് വിവരിക്കുന്നതാണ്. ഈ ഉദ്ധരണികളില്‍നിന്നും അഹ്മദികളാണ് ഈ ദിവസത്തെ ആദരിക്കുന്നത് എന്ന് മനസ്സിലാക്കാന്‍ സാധിക്കുന്നതാണ്. ഉദ്ധരണികള്‍ കേള്‍പ്പിക്കുന്നതിനുമുമ്പേ നബി ദിനാഘോഷം തുടങ്ങിയത് എന്നാണെന്നും, ആരാണ് ഇതിന് തുടക്കും കുറിച്ചത് എന്നുമുള്ള ചരിത്രം വിവ രിക്കാന്‍ ആഗ്രഹിക്കുന്നു. മുസ്ലിംകളില്‍ ചില വിഭാഗക്കാര്‍ നബിദിനം ആഘോഷിക്കാറില്ല.

ഏറ്റവും ഉത്തമനൂറ്റാണ്ടായ ഇസ്ലാമിന്‍റെ ആദ്യമൂന്ന് നൂറ്റാണ്ടിലുള്ളവരില്‍ ഉണ്ടായിരുന്ന പ്രവാചകസ്നേഹം അത്യുന്നതമായിരുന്നു. അവര്‍ സുന്നത്തിനെ കുറിച്ച് ശരിയായ അറിവുള്ളവരുമായിരുന്നു. തിരുനബി(സ) കൊണ്ടു വന്ന ശരീഅത്തിനെയും തിരുനബി(സ) യുടെ സുന്നത്തിനേയും പൂര്‍ണ്ണമായും പിന്‍പറ്റാന്‍ അങ്ങേയറ്റം ആഗ്രഹിച്ചവരുമായിരുന്നു അവര്‍. എന്നിട്ടും ഏതെങ്കിലും ഒരു സഹാബിയോ, അവരെ കാണുകയും അവരില്‍നിന്ന് ശിക്ഷണം ഉള്‍ക്കൊള്ളുകയും ചെയ്ത താബിയോ നബിദിന ആഘോഷം നടത്തിയതായി ചരിത്രം നമ്മോട് പറയുന്നില്ല. ഈ നബിദിന ആഘോഷം തുടങ്ങിയ വ്യക്തി അബ്ദുല്ലാബ്നു മുഹമ്മദ്ബ്നു അബ്ദുല്‍ ഖദ്ദാ ആയിരുന്നു എന്നാണ് പറയപ്പെടുന്നത്. ഇദ്ദേഹത്തിന്‍റെ അനുയായി കള്‍ ഫാത്വിമീ എന്നാണ് അറിയപ്പെടുന്നത്. ഇവര്‍ തങ്ങളുടെ കുടുംബ പരമ്പര ഹദ്റത്ത് അലി(റ)ന്‍റെ സന്താനങ്ങളുമായി ബന്ധിപ്പിക്കുന്നു. ബാത്വ്നീ പ്രസ്ഥാന സ്ഥാപകരില്‍ പെട്ട ആളായിരുന്നു അദ്ദേഹം. ബാത്വ്നീ പ്രസ്ഥാനക്കാരുടെ ആശയം 'ശരീഅത്തിന്‍റെ ചില കല്‍പനകള്‍ പ്രത്യക്ഷമായിട്ടുള്ളതാണ്, ചിലത് പരോക്ഷവുമാണെന്നാണ്'. ഇവരുടെ കാഴ്ചപ്പാടനുസരിച്ച് എതിരാളികളെ ഒളിഞ്ഞിരുന്ന് വധിക്കാവുന്നതാണ് എന്നും മറ്റുമാണ്. ഇതുകൂടാതെ ഇവര്‍ പല ബിദ്അത്തുകളും ഇസ്ലാമില്‍ കടത്തിക്കൂട്ടിയിട്ടുണ്ട്. ആദ്യമായി മിലാദുന്നബി ആഘോഷം തുടങ്ങിയത് ബാത്ത്വിനീയ്യ പ്രസ്ഥാനത്തിന്‍റെ ആളുകളാണ്. ഇവര്‍ ഇത് തുടങ്ങിയപ്പോള്‍ തീര്‍ച്ചയായും ഇത് ഒരു ബിദ്അത്ത്തന്നെ ആയിരുന്നു. മിസ്റില്‍ ഇവരുടെ കാലഘട്ടം 362 ഹിജ്റിയാണെന്നാണ് പറയപ്പെടുന്നത്. ഇതു കൂടാതെ മറ്റുപല ദിനങ്ങളും ഇവര്‍ ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. ആശൂറാ ദിവസം, മീലാദുന്നബി, ഹദ്റത്ത് അലി(റ) യുടെ ജന്മദിനം, ഹദ്റത്ത് ഹസന്‍റെയും ഹദ്റത്ത് ഹുസൈന്‍റെയും ജന്മദിനങ്ങള്‍, ഫാത്തിമത്തു സുഹ്റയുടെ ജന്മദിനം, റജബ് മാസത്തെ ആദ്യ രാത്രിയിലും മധ്യരാത്രിയിലും പ്രത്യേക ആഘോഷങ്ങള്‍, ശഅ്ബാന്‍ മാസത്തെ ആദ്യ രാത്രി, റമദാന്‍ മാസത്തിലെ ഖത്തമിന്‍റെ രാത്രി, ഇങ്ങിനെയുള്ള പല ആഘോഷങ്ങളും പുതുതായി ഉണ്ടാക്കിക്കൊണ്ട് ബിദ്അത്തുകള്‍ക്ക് തുടക്കമിടുകയുണ്ടായി.

മുസ്ലിംകളില്‍ ഒരു വിഭാഗം നബിദിനം തീരെ ആഘോഷിക്കാത്തവരും ഇത് ബിദ്അത്താണെന്നു പറയുന്നവരുമാണ്. എന്നാല്‍ മറ്റേ വിഭാഗം ഇത് ആഘോഷിക്കുന്നതില്‍ അതിരുകടക്കുകയും ചെയ്തുപോയി. നീതിമാനായ വിധികര്‍ത്താവായി അല്ലാഹു അയച്ച ഇക്കാലത്തെ ഇമാം ഇതുസംബന്ധമായി എന്താണ് പറഞ്ഞത് എന്നുനോക്കാം. മൗലൂദ് സദസ്സുകളെ കുറിച്ച് ഒരാള്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചോദിച്ചപ്പോള്‍ അദ്ദേഹം പറഞ്ഞു;

"തിരുനബി(സ)യെ സ്മരിക്കുന്നത് വളരെ ഉത്തമമായ പ്രവൃത്തിയാണ്. അമ്പിയാക്കളുടെയും ഔലിയാക്കളുടെയും സ്മരണ കൊണ്ട് അനുഗ്രഹങ്ങള്‍ ഇറങ്ങും എന്ന് ഹദീസുകളില്‍ വന്നിട്ടുണ്ട്. അല്ലാഹു സ്വയം പ്രവാചകന്മാരുടെ സ്മരണ നിലനിര്‍ത്താന്‍ പ്രേരണ നല്‍കിയിട്ടുണ്ട്. എന്നാല്‍ ഇതിനോടൊപ്പം തൗഹീദിന് വിഘ്നം ഉണ്ടാകുന്ന തരത്തിലുള്ള ബിദ്അത്തുകള്‍ കലര്‍ത്തുകയാണെങ്കില്‍ അത് അനുവദനീയമല്ല. അല്ലാഹുവിന്‍റെ മഹത്വം അല്ലാഹുവിന് നല്‍കുക. പ്രവാചകന്‍റെ മഹത്വം പ്രവാചകന് നല്‍കുക."

"ഇന്നുള്ള മൗലവിമാരില്‍ ബിദ്അത്തുകളാണ് ഏറ്റവും കൂടുതല്‍ കാണുന്നത്. ഈ ബിദ്അത്തുകളെല്ലാം അല്ലാഹുവിന്‍റെ ഇംഗിതത്തിന് വിരുദ്ധമാണ്. ബിദ്അത്തുകള്‍ ഇല്ലെങ്കില്‍ ആ സദസ്സ് ഒരു ഉപദേശസദസ്സാണ്. തിരുനബി (സ)യുടെ ആഗമനം, ജനനം, വഫാത്ത്, എന്നിവയെ കുറിച്ച് പരാമര്‍ശിക്കുന്നത് തീര്‍ച്ചയായും പ്രതിഫലം ലഭിക്കുന്ന പ്രവര്‍ത്തനങ്ങള്‍ തന്നെയാണ്. നമ്മുടേതായിരിക്കുന്ന ശരീഅത്ത് ഉണ്ടാക്കാന്‍ നമുക്ക് അവകാശമില്ല."

തിരുനബി(സ)യെകുറിച്ച് വിവരിക്കുക എന്നത് തീര്‍ച്ചയായും വളരെ നല്ലതുതന്നെയാണ്. എന്നാല്‍ ഇന്ന് പാകിസ്ഥാനിലും ഇന്ത്യയിലുമെല്ലാം ഈ സമ്മേളനങ്ങളെ തിരുനബി(സ)യുടെ ജീവചരിത്രത്തെ വിവരിക്കുന്നതിനുപകരം രാഷ്ട്രീയ ലക്ഷ്യം നേടാനുള്ള ഒരുപാധിയാക്കിമാറ്റുകയാണ് ചെയ്യുന്നത്. മറ്റു വിഭാഗക്കാരെ ആക്ഷേപിക്കാനും അവരെ ചീത്തപറയാനുമാണ് ഇവ ഉപയോഗിക്കപ്പെടുന്നത്. പാകിസ്ഥാനില്‍ നടക്കുന്ന എല്ലാ നബിദിനസമ്മേളനങ്ങളിലും അവര്‍ തിരുനബി(സ)യുടെ ചില സീറത്തുകള്‍ വിവരിച്ചതിനുശേഷം അഹ്മദിയ്യാ ജമാഅത്തിന്നെതിരിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്‍റെ വ്യക്തിത്വത്തിന്നെതിരിലും നിന്ദ്യവും നികൃഷ്ടവുമായ ആക്ഷേപങ്ങള്‍ ഉന്നയിക്കുന്നു. അദ്ദേഹത്തിന്‍റെ വ്യക്തിത്വത്തെ പരിഹാസപാത്രമാക്കുകയും ചെയ്യുന്നു. റബ്വയില്‍ കഴിഞ്ഞ ദിവസങ്ങളില്‍ മൗലവിമാര്‍ വമ്പിച്ച പ്രകടനം നടത്തി. അവിടെനിന്നും ലഭിച്ച റിപ്പോര്‍ട്ടുകളില്‍ നിന്നും മനസ്സിലാകുന്നത് ഈ പ്രകടനമെല്ലാം തികച്ചും രാഷ്ട്രീയ ലക്ഷ്യം മുന്‍നിര്‍ത്തിയാണെന്നും അഹ്മദികളോടുള്ള പകയും വിദ്വേഷവും പ്രകടിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു എന്നുമാണ്. ഇങ്ങിനെയുള്ള സമ്മേളനങ്ങള്‍ കൊണ്ട് ഒരു പ്രയോജനവുമില്ല.

തിരുനബി(സ) യുടെ അസ്തിത്വം സര്‍വ്വലോകര്‍ക്കും അനുഗ്രഹമായിട്ടാണ് വന്നത്. ശത്രുക്കള്‍ക്ക് വേണ്ടി പോലും കരഞ്ഞു കരഞ്ഞുകൊണ്ട് ആ പുണ്യാത്മാവ് പ്രാര്‍ത്ഥിച്ചുകൊണ്ടിരുന്നു. ഒരു

സ്വഹാബി വിവരിക്കുന്നു. *ഒരു രാത്രി എനിക്ക് തിരുനബി(സ) യോടൊപ്പം തഹജ്ജുദ് നമസ്കരിക്കാനുള്ള അവസരം ലഭിച്ചു. ആ നമസ്കാരത്തിൽ തിരുനബി(സ) സ്ഥിരമായി പ്രാർത്ഥിച്ചത് 'അല്ലാഹു ഈ സമൂഹത്തിന് പൊറുത്തുകൊടുക്കട്ടെ, ബുദ്ധി നൽകട്ടെ' എന്നായിരുന്നു."* എന്നാൽ ഈ തിരുമാതൃക പിൻപറ്റാതെ ഇന്നുള്ള മുല്ലാക്കൾ ചെയ്യുന്നത് അവരുടെ ഭാഷയിൽ പറഞ്ഞാൽ ഖാദിയാനികളെ ചീത്ത പറയുന്നതിന്നായി ഇത് ഉപയോഗിക്കുകയാണ്. തിരുനബി(സ) യുടെ മാതൃക എന്തായിരുന്നു എന്ന് നോക്കുക.

ഒരിക്കൽ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സഹാബി ഒരു ശത്രുവിനെ കീഴ്പ്പെടുത്തുകയും അയാളെ വധിക്കാനായി വാളുയർത്തിയപ്പോൾ അയാൾ കലിമ ചൊല്ലുകയും ചെയ്തു. എന്നിട്ടും ആ സഹാബി അയാളെ വധിച്ചുകളയുകയുണ്ടായി. തിരുനബി(സ) ഇതറിഞ്ഞ പ്പോൾ, അതായത് വാളിന്റെ ഭയം കൊണ്ടാണ് അയാൾ കലിമചൊല്ലിയത് എന്ന് പറഞ്ഞപ്പോൾ തിരുനബി(സ) ചോദിക്കുകയുണ്ടായി 'നീ അദ്ദേഹത്തിന്റെ ഹൃദയം തുറന്നു നോക്കിയിരുന്നോ'. ഈ ഒരു കാര്യം തിരുനബി (സ) പലവുരു ആവർത്തിക്കുകയുണ്ടായി. ആ സഹാബി വിവരിക്കുന്നു. " ഈ ചോദ്യം കേട്ട് ഞാൻ ആഗ്രഹിച്ചു പോയി, ഞാൻ ഇതിനുമുമ്പേ മുസ്ലിമായില്ലായിരുന്നെങ്കിൽ എത്ര നന്നായേനെ". എന്നാൽ ഈ മുല്ലാക്കളുടെ പ്രവൃത്തി ഈ സുന്നത്തിന് തികച്ചും വിരുദ്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ) യുടെ ജന്മദിനാഘോഷത്തെക്കുറിച്ച് പറയുന്നു, 'ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) യുടെ സ്മരണകൾ അയവിറക്കുക എന്നത് വളരെ നല്ല കാര്യം തന്നെയാണ്. ഇതു മുഖേന സ്നേഹം വർദ്ധിക്കുകയാണ് ചെയ്യുക. തിരുനബി (സ)യെ പിൻപറ്റാനുള്ള പ്രേരണയും ആവേശവും ഇതു മുഖേന ഉണ്ടാകുന്നു. വിശുദ്ധഖുർആനിലും ചില കാര്യങ്ങൾ സ്മരിച്ചിട്ടുണ്ട്. وَاذْكُرْ فِي الْكِتَابِ إِبْرَاهِيمَ (ഈ ഗ്രന്ഥത്തിൽ ഇബ്റാഹീമിനെ കുറിച്ച് നീ വിവരിക്കുക). എന്നാൽ സ്മരണകൾ നടത്തുന്നതോടൊപ്പം ചില ബിദ്അത്തുകൾ അതിൽ കൂട്ടിച്ചേർക്കുകയാണെങ്കിൽ അത് ഹറാമായിത്തീരുന്നതാണ്. ഓർത്തിരിക്കുക തൗഹീദാണ് ഇസ്ലാമിന്റെ മർമ്മപ്രധാനമായ കാര്യം. മൗലൂദ് സദസ്സുകൾ സംഘടിപ്പിക്കുന്നവർ പല ബിദ്അത്തുകളും അതിൽ കൂട്ടിച്ചേർത്തിരിക്കുന്നതായി കാണാൻ സാധിക്കുന്നു. അനുവദനീയവും അനുഗ്രഹീതവുമായ ഒരു പ്രവർത്തനത്തെ നശിപ്പിച്ചുകളഞ്ഞു. തിരുനബി(സ) യുടെ സ്മരണകൾ നടത്തുക എന്നത് തീർച്ചയായും അനുഗ്രഹീതമാണ്. എന്നാൽ ശരീഅത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ദൈവത്തിന്റെ ഇംഗിതത്തിന് നിരക്കാത്തതുമാണ്. പുതിയ ശരീഅത്ത് ഉണ്ടാക്കുക എന്നത് നമുക്ക് ഭൂഷണമല്ല. എന്നാൽ ഇന്ന് ഇതെല്ലാം നടന്നു വരുന്നു. ഓരോരുത്തരും തങ്ങളുടെ ഇഷ്ടപ്രകാരം പുതിയ ശരീഅത്ത് ഉണ്ടാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സ്വയം ഒരു ശരീഅത്ത് ഉണ്ടാക്കുന്നു. ഇക്കാര്യത്തിലും അമിതത്വവും അതിമിതത്വവും കാണിച്ചിരിക്കുന്നു. ചിലർ അജ്ഞത കാരണം പറയുന്നത് തിരുനബി(സ)യുടെ സ്മരണ തന്നെ ഹറാമാണെന്നാണ്, നഊദുബില്ലാഹ്. ഇത് അവരുടെ വിഢ്ഢിത്തമാണ്. തിരുദൂതരുടെ(സ) സ്മരണയെ ഹറാം എന്നുപറയുന്നത് അവരുടെ ധാർഷ്ട്യമാണ് കാണിക്കുന്നത്. തിരുനബി(സ)യെ പിൻപറ്റുന്നതു മൂലം അല്ലാഹുവിന്റെ പ്രിയരായിത്തീരുന്നു. പിൻപറ്റുന്നതിനുള്ള ആവേശം ലഭിക്കുന്നത് സ്മരണകൾ അയവിറക്കുമ്പോഴാണ്. അതു മുഖേന പ്രേരണ ഉണ്ടാകുകയും ചെയ്യുന്നു. സ്നേഹിക്കുന്ന വ്യക്തിയെ കുറിച്ച് സ്മരിക്കുക എന്നത് സ്വാഭാവികമാണ്. എന്നാൽ മൗലൂദിന്റെ സദസ്സിൽ അത് നടന്നുകൊണ്ടിരിക്കുമ്പോൾ തിരുനബി(സ) ഈ സദസ്സിൽ വന്നിട്ടുണ്ടെന്നും പറഞ്ഞ് എഴുന്നേറ്റു നിൽക്കുന്നവർ അജ്ഞതയാണ് പ്രകടിപ്പിക്കുന്നത്. (മൗലൂദ് സദസ്സ് നടക്കുമ്പോൾ എല്ലാവരും ഇരിക്കും. കുറച്ച് കഴിയുമ്പോൾ ഇത് ചൊല്ലിക്കൊടുക്കുന്ന ആൾ പറയും തിരുനബി(സ) വന്നിട്ടുണ്ട്. അങ്ങിനെ എല്ലാവരും എഴുന്നേറ്റ് നിൽക്കും) കാരണം ഇങ്ങിനെയുള്ള സദസ്സുകളിൽ പങ്കെടുക്കുന്നവരിൽ നമസ്കാരം ഉപേക്ഷിക്കുന്നവരും പലിശ തിന്നുവരും മദ്യപാനികളും എല്ലാം ഉണ്ടാകും. ഇങ്ങിനെയുള്ള സദസ്സുമായി റസൂൽ തിരുമേനി(സ)ക്ക് എന്തു ബന്ധം! ഇവരെല്ലാം ഒരു തമാശ കാണുന്നതിന്നായാണ് ഒരുമിച്ചു കൂടുന്നത്. അതുകൊണ്ട് ഇങ്ങിനെയുള്ള ഈ ചിന്താഗതികൾ തികച്ചും നിരർത്ഥകമാണ്. എന്നാൽ തനി വഹാബിയായി ക്കൊണ്ട് തിരുനബി(സ)യുടെ മഹത്വം ഹൃദയത്തിൽ കുടിയിരുത്തുന്നില്ലയോ അവൻ മതനിഷേധിയാണ്. പ്രവാചകന്മാരുടെ വ്യക്തിത്വം ഒരു അനുഗ്രഹീതവർഷമാണ്. അവർ അതിശ്രേഷ്ഠമായ പ്രകാശം ഉൾക്കൊള്ളുന്നവരാണ്. സദ്ഗുണസമ്പന്നമാണ് അവരുടെ വ്യക്തിത്വം. ലോകത്തിന് അവർ അനുഗ്രഹദായകരായിത്തീരുന്നു. നമ്മേപ്പോലുള്ള ഒരാളായിക്കരുതുന്നത് അക്രമമാണ്. ഔലിയാക്കളേയും അമ്പിയാക്കളേയും സ്നേഹിക്കുന്നതുകൊണ്ട് വിശ്വാസം ശക്തി പ്രാപിക്കുന്നു. ഹദീസിൽ വന്നിട്ടുണ്ട്, തിരുനബി(സ) അരുളി; സ്വർഗ്ഗം ഏറ്റവും ഉത്തമമായ ഒരു സ്ഥാനമാണ്. അതിൽ ഞാനുണ്ടാകും. തിരുനബി(സ)യെ അങ്ങേയറ്റം സ്നേഹിച്ചിരുന്ന ഒരു സഹാബി ഇത് കേട്ട് പൊട്ടിക്കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു, എനിക്ക് താങ്കളോട് അതിയായ പ്രേമമാണ്. അപ്പോൾ തിരുനബി അരുളി, നീ എന്റെ കൂടെയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; മറ്റൊരു ഗ്രൂപ്പ് ഇതിൽ ശിർക്ക് കൂട്ടിയിരിക്കുകയാണ്. ഇവരിലും ആത്മീയത ഇല്ല. കബർ പൂജയാണുള്ളത്. തിരുനബി(സ)യെ കുറിച്ചുള്ള സ്മരണ വഹാബികൾ പറയുന്നതുപോലെ ഹറാമല്ല എന്നാണ് എന്റെ പക്ഷം. കാരണം ഇത് തിരുനബി(സ) യെ പിൻപറ്റുന്നതിന് പ്രേരണ നൽകുന്നു. എന്നാൽ അതോടൊപ്പം മുശ്രിക്കീങ്ങളെപ്പോലെ ഇക്കാര്യത്തിൽ ചില ബിദ്അത്തുകൾ കൂട്ടിക്കുഴച്ചിരിക്കുന്നത് ഹറാമാണ്.

ഒരാളുടെ ചോദ്യത്തിന് മറുപടി അയച്ചുകൊണ്ട് ഇപ്രകാരം എഴുതി; ഇതിൽ ബിദ്അത്തുകൾ ഇല്ലെങ്കിൽ ഒരു തെറ്റുമില്ല. സമ്മേളനം നടത്തുകയും അതിൽ തിരുനബി (സ)യുടെ ജീവചരിത്രം വിവരിക്കുകയും തിരുനബി(സ) യുടെ മദ്ഹിൽ ചില പദ്യശകലങ്ങൾ ശബ്ദമാധുര്യത്തോടെ കേൾപ്പിക്കുന്നതും എല്ലാം നല്ലതാണ്. ഇങ്ങിനെയുള്ള സദസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സദസ്സുകൾ ഏത് രീതിയിൽ സംഘടിപ്പിക്കണം എന്നതിനെ സംബന്ധിച്ച് വിവരിക്കുന്നു;

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي

അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻപറ്റുക. തിരുനബി(സ) എപ്പോഴെങ്കിലും അപ്പത്തിനു (ഭക്ഷണം) മീതെ ഖുർആൻ ഓതിയിരുന്നോ?- ഇന്നുള്ള മൗലവിമാർ ഇങ്ങിനെയുള്ള പരിപാടികൾ സംഘടിപ്പിച്ച് അവസാനം അപ്പം മുമ്പിൽ വെച്ച് ഖുർആൻ ഓതി വിതരണം ചെയ്യുന്നു. ഇത് മൗലൂദിന്റെ അപ്പമാണെന്നും ഇത് വളരെ ബർക്കത്തുള്ള റൊട്ടിയാണെന്നും പറഞ്ഞ് ജനങ്ങളെ പറ്റിക്കുന്നു. തിരുനബി(സ) ഒരു അപ്പത്തിൽ ഖുർആൻ ഓതിയിട്ടു

ണ്ടെങ്കിൽ നാം ആയിരം അപ്പത്തിൽ ഖുർആൻ ഓതുന്നതാണ്. തിരുനബി(സ) ശബ്ദമാധുര്യത്തോടു കൂടി ഖുർആൻ ഓതികേൾക്കുമായിരുന്നു. وَجِئْنَا بِكَ عَلَى هَـٰؤُلَاءِ شَهِيدًا എന്ന ആയത്തെത്തിയപ്പോൾ അവിടുന്ന് കരയുകയും ചെയ്തിരുന്നു. (നിന്നെ ഇവർക്കെതിരിൽ സാക്ഷിയായി ഞാൻ കൊണ്ടു വരുന്നതാണ്.) (ഈ കരച്ചിൽ തിരുദൂതരുടെ വിനയവും അല്ലാഹുവിന്റെ മഹിത സ്ഥാനത്തെ ഓർത്തുള്ള ഭയവുമായിരുന്നു) ഈ ആയത്ത് കേട്ടപ്പോൾ തിരുനബി(സ) പറഞ്ഞു, നിർത്തൂ, ഇനി അങ്ങോട്ട് കേൾക്കാൻ എനിക്ക് ശക്തിയില്ല'. ഖുർആൻ ഭംഗിയായി ഓതുന്ന ആരെങ്കിലും വന്ന് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നെങ്കിൽ എന്ന് എപ്പോഴും നാം ആഗ്രഹിക്കാറുള്ളതാണ്."

(ഇതാണ് യഥാർത്ഥത്തിലുള്ള പിൻപറ്റൽ)

തുടരുന്നു; തിരുനബി(സ) ഓരോ കാര്യത്തിലും നമുക്ക് മാതൃക കാണിച്ചിട്ടുണ്ട്. അതാണ് നാം പിൻ പറ്റേണ്ടത്. ഒരു യഥാർത്ഥ വിശ്വാസി നോക്കേണ്ടത് ഈ പ്രവർത്തി തിരുനബി(സ) ചെയ്തിട്ടുണ്ടോ എന്നാണ്. ഇനി ചെയ്തിട്ടില്ലെങ്കിൽ, ചെയ്യാൻ കൽപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്നും നോക്കുക. ഹദ്റത്ത് ഇബ്രാഹീം (അ) തിരുനബിയുടെ പൂർവ്വപിതാക്കളിൽപെട്ട ആളായിരുന്നു. ആദരണീയനായ വ്യക്തിയായിരുന്നു. എന്നാൽ തിരുനബി അദ്ദേഹത്തിന്റെ മൗലൂദ് എന്തുകൊണ്ട് നടത്തിയില്ല?"

ചുരുക്കത്തിൽ ജന്മദിനത്തിൽ സമ്മേളനം നടത്തുന്നത് തെറ്റല്ല എന്ന് വ്യക്തമാണ്. എന്നാൽ അതോടൊപ്പം ഒരു ബിദ്അത്തും കൂട്ടരുത്. അതിൽ തിരുനബി(സ)യുടെ ജീവചരിത്രം വിവരിക്കേണ്ടതാണ്. ഇങ്ങിനെയുള്ള സദസ്സുകൾ വർഷത്തിൽ ഒരു ദിവസം മാത്രം നടത്തിയാൽ പോര. വർഷത്തിൽ വിവിധസമയങ്ങളിൽ ഇങ്ങിനെയുള്ള സമ്മേളനങ്ങൾ നടത്തേണ്ടതാണ് അഹ്മദിയ്യാജമാഅത്ത് ഈ രീതിയാണ് അവലംബിക്കുന്നത്. ഒരു പ്രത്യേക ദിവസം മുമ്പിൽ വെച്ചുകൊണ്ടല്ല. ഇനി ഒരു ദിവസം നിശ്ചയിച്ച് എല്ലായിടത്തും ലോകം മുഴുവനും തിരുനബി(സ) യുടെ ജീവചരിത്രം വിവരിക്കുന്ന സമ്മേളനം നടത്തുകയാണെങ്കിലും ഒരു തെറ്റുമില്ല. അതിൽ ബിദ്അത്തുകൾ ചേർക്കാൻ പാടില്ലെന്നുമാത്രം. ഈ സദസ്സിൽ പങ്കെടുത്തുകൊണ്ട് നമുക്ക് എല്ലാതരം അനുഗ്രഹങ്ങളും ലഭിച്ചിരിക്കുന്നു എന്നും ഇനി ഒരു പ്രവർത്തനത്തിന്റെയും ആവശ്യമില്ലെന്നും കരുതരുത്. അമിതത്വമോ അതിമിതത്വമോ പാടില്ല. ഇനി ഞാൻ തിരുനബി(സ)യുടെ ജീവചരിത്രത്തിലെ ചില കാര്യങ്ങൾ നിങ്ങളെ കേൾപ്പിക്കാൻ ആഗ്രഹിക്കുന്നു. നാം ഈ മാതൃകകൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കേണ്ടതാണ്. ഇതുമുഖേന നമുക്ക് അല്ലാഹുവിന്റെ സ്നേഹം ലഭിക്കുന്നതാണ്. നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടുകയും നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടുകയും ചെയ്യുകയുള്ളൂ. ചിലർ ചോദിക്കാറുള്ളത്, തിരുനബി(സ)യെ വസീലയാക്കിക്കൊണ്ട് ദുആ ചെയ്യാൻ പാടുണ്ടോ എന്നാണ്. തിരുനബി(സ) യുടെ സുന്നത്തിനെ പിൻപറ്റുന്നതും അങ്ങയോടുള്ള സ്നേഹബന്ധവും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനുള്ള വസീല തന്നെയാണ്. ബാങ്കിനു ശേഷമുള്ള ദുആയിലും ഈ കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

അല്ലാഹു പറയുന്നു;

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ
وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ

"നീ പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻപറ്റുക. അവനും നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്." തിരുനബി(സ) നിലനാട്ടിയ സുന്നത്തുകൾ ഏതെല്ലാമാണെന്നാണ് നാം നോക്കേണ്ടത്. തിരുനബി(സ) തന്റെ സഹാബത്തിനു മുമ്പാകെ ചെയ്ത പ്രവർത്തികൾ എന്തെല്ലാമാണെന്നും നിവേദന പരമ്പരകളിലൂടെ ഏതെല്ലാം കാര്യങ്ങളാണ് നമ്മൾവരെ എത്തിയത് എന്നും നമുക്ക് നോക്കേണ്ടതായിട്ടുണ്ട്. ഭൗതികവാദികൾ തിരുനബിയെകുറിച്ച് ആക്ഷേപിക്കുന്നത് ഭൗതികപ്രതാപം ലഭിക്കുന്നതിനാണ് അവിടുന്ന് യുദ്ധങ്ങൾ ചെയ്തതെന്നാണ്. അതുപോലെ പ്രിയപത്നിമാരെ കുറിച്ച് ആക്ഷേപങ്ങളുണ്ട്.

ഒരു സാധാരണ പ്രകൃതക്കാരൻ പോലും വായിക്കാൻ ഇഷ്ടപ്പെടാത്ത രീതിയിലുള്ള അതിനീചമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഗ്രന്ഥങ്ങൾ രചിക്കപ്പെടുന്നത്. അമേരിക്കയിൽ അടുത്തകാലത്ത് ഇതുപോലുള്ള ഒരു ഗ്രന്ഥം ഇറങ്ങുകയുണ്ടായി. ഒരു ക്രിസ്ത്യാനി തന്നെ അതിനെ അവലോകനം നടത്തിക്കൊണ്ട് എഴുതിയത്, ഇത് വായിക്കാൻ തന്നെ കൊള്ളരുതാത്തതാണെന്നാണ്. ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ പുത്തനല്ല. ആ പരിശുദ്ധ വ്യക്തിത്വം മുമ്പും വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. അങ്ങയുടെ വാദം തുടങ്ങിയപ്പോൾ തന്നെ മക്കയിലെ നിഷേധികൾ ധരിച്ചുവെച്ചത് ഭൗതികസ്ഥാനമാനങ്ങൾ കരസ്ഥമാക്കുന്നതിന്നാണ് ഈ വാദമെല്ലാം ഉന്നയിക്കുന്നതെന്നാണ്. അങ്ങിനെ അവർ അദ്ദേഹത്തിന്റെ പിതൃ സഹോദരൻ മുഖേന ഒരു സന്ദേശം അയച്ചു. അദ്ദേഹം ഞങ്ങളുടെ ബിംബങ്ങളെ കുറിച്ച് ഒന്നും പറയരുതെന്നും സ്വന്തം മതത്തിന്റെ പ്രചാരണം നടത്തരുതെന്നും അപേക്ഷിക്കുക. അങ്ങിനെയാണെങ്കിൽ ഞങ്ങൾ താങ്കളുടെ നേതൃത്വം അംഗീകരിക്കുന്നതാണ്. അതിന്നായി ഞങ്ങളുടെ ഭൗതികപ്രതാപങ്ങൾ നൽകാനും സമ്പത്തും സുന്ദരികളായ സ്ത്രീകളെ നൽകാനും എല്ലാം ഞങ്ങൾ തയ്യാ റാണ്. ഇതുകേട്ടപ്പോൾ തിരുനബി (സ) പ്രതികരിച്ചത് ഇപ്രകാരമായിരുന്നു; "ഇവർ എന്റെ വലതുകൈയ്യിൽ സൂര്യനും ഇടതുകൈയ്യിൽ ചന്ദ്രനും വെച്ചുതന്നാൽപോലും ഞാൻ എന്റെ ഉത്തരവാദിത്വനിർവ്വഹണത്തിൽനിന്നും പിൻതിരിയുന്നതല്ല. ഇവരുടെ ന്യൂനതകൾ എന്താണെന്ന് പറഞ്ഞുകൊടുത്ത് അവരെ നേർമാർഗ്ഗത്തിൽ വഴികാട്ടുന്നതിന്നായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഇതിന്നായി എനിക്ക് മരിക്കേണ്ടി വന്നാൽ സസന്തോഷം ഞാൻ ആ മരണം സ്വീകരിക്കാൻ തയ്യാറാണ്. എന്റെ ജീവിതം ഈ മാർഗ്ഗത്തിൽ ഞാൻ സമർപ്പിച്ചിരിക്കുന്നു. മരണഭയം എന്നെ ഈ പ്രവർത്തനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതല്ല. അതേപോലെ ഭൗതികമായ അത്യാഗ്രഹങ്ങൾ എന്നെ ഇതിൽനിന്നും തടയുന്നതുമല്ല.

അല്ലാഹുവിന് വേണ്ടി അല്ലാഹുവിന്റെ കൽപനപ്രകാരം ചെയ്തുകൊണ്ടിരുന്ന ഈ പ്രവർത്തനങ്ങളെ ഭൗതികവാദികൾ എന്നും കണ്ടത് ഭൗതികലാക്കോടുകൂടിയാണ്. മക്കാനിഷേധികളുടെ എല്ലാ വാഗ്ദാനങ്ങളും തള്ളിക്കൊണ്ട് താൻ ദൈവത്തിൽ നിന്നുള്ളവനാണെന്നും ലോകം മുഴുവനും ഏകനായ അല്ലാഹുവിന്റെ തൗഹീദ് നിലനാട്ടാൻ വന്ന അവസാനപ്രവാചകനാണെന്നും അദ്ദേഹം തെളിയിച്ചുകാട്ടി. ഇതുസംബന്ധമായി വിശുദ്ധഖുർആ നിൽ അല്ലാഹു പറയുന്നു;

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ

"നീ പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോകപരിപാലകനായ അല്ലാഹുവിനുള്ളതാണ്. ആപാദചൂഢം അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയതിന്റെ ഫലമായി ആ മഹാത്മാവിനു ലഭിച്ച ഉന്നത സ്ഥാനമായിരുന്നു ഇത്. ഭൗതികപ്രതാപവും പ്രൗഢിയും അവിടുന്ന് ആഗ്രഹിച്ചില്ല. അല്ലാഹുവിന്റെ ഭരണം ലോകം മുഴുവനും സ്ഥാപിച്ചു കാണുക എന്നതാണ് അവിടുന്ന് അഗ്രഹിച്ചത്. അതിനു വേണ്ടി എല്ലാവിധ ദുഃഖങ്ങളും സഹിച്ചു: നിത്യജീവൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ എന്നെ പിൻപറ്റുക എന്ന് അദ്ദേഹം ലോകത്തിന്റെ മുമ്പാകെ പ്രഖ്യാപിക്കുകയുണ്ടായി. ആരാധനയുടെ ഏതൊരു നിലവാരമാണ് ഞാൻ സ്ഥാപിച്ചിരിക്കുന്നത് അത് കരസ്ഥമാക്കാൻ നിങ്ങൾ പ്രയത്നിക്കുക. ആരാധനയിൽ മുഴുകുക എന്നത് തന്നെയാണ് നിത്യജീവന്റെ ആധാരം. യഥാർത്ഥ മരണം വരുന്നതിനുമുമ്പേ ത്യാഗങ്ങളിലൂടെ ഞാൻ കാണിച്ചു തന്ന മരണം കൈവരിക്കുക. ഇങ്ങിനെ മരണം വരിച്ചാൽ തുടർന്ന് സ്ഥായിയായ ഒരു ജീവിതം തുടങ്ങുന്നതാണ്. അത് മനുഷ്യനെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതാക്കി മാറ്റുന്നതാണ്.

തിരുനബി(സ) നമസ്കാരത്തിന്റെയും ത്യാഗത്തിന്റെയും മിഅ്റാജ് കരസ്ഥമാക്കിക്കൊണ്ട് പുതിയ പുതിയ മാതൃകകൾ നിലനാട്ടി ജീവിതത്തിന്റെയും മരണത്തിന്റെയും പുതിയ ദിശകൾ നമ്മുടെ മുമ്പാകെ സമർപ്പിച്ചു. അല്ലാഹു ആ മഹാത്മാവിനോട് ഇപ്രകാരം പ്രഖ്യാപിക്കാൻ പറഞ്ഞു; നിങ്ങൾ എനിക്ക് എന്തിനെ കുറിച്ചുള്ള അത്യാഗ്രഹങ്ങളാണ് നൽകുന്നത്! അക്രമങ്ങൾ അഴിച്ചുവിടുമെന്ന് പറഞ്ഞ് എന്നെ ഭയപ്പെടുത്തുകയാണോ? എന്റെ ഓരോ പ്രവൃത്തിയും അല്ലാഹുവിനു വേണ്ടിയുള്ളതാണ്. ഏതൊരു വ്യക്തിയുടെ എല്ലാമെല്ലാം അല്ലാഹുവിന്റേതായിത്തീർന്നുവോ അവർ ഭൗതികജീവിതത്തിന് ഒരു വിലയും കൽപ്പിക്കില്ല, മരണത്തിനും ഒരു വിലയും കൽപ്പിക്കുന്നതല്ല.

തിരുനബി(സ) ഈ പ്രഖ്യാപനം നടത്തിക്കൊണ്ട് തന്റെ മാതൃക ഇതാണെന്ന് നമ്മോട് പറയുകയാണ് ചെയ്യുന്നത്. നിങ്ങളും 'ഫത്തബിഊനീ' എന്ന കൽപ്പന അനുസരിച്ച്കൊണ്ട് ഈ മാർഗ്ഗത്തിൽ ചരിക്കുക.

ഇന്ന് തിരുനബി(സ)യുടെ പ്രേമിയുടെ ജമാഅത്തിനേയും ലോകത്തിന്റെ പലഭാഗങ്ങളിലും ഇവ്വിധ കാര്യ ങ്ങൾ പറഞ്ഞുകൊണ്ട് ഭയപ്പെടുത്താൻ നോക്കുന്നുണ്ട്. പാകിസ്ഥാനിൽ എല്ലായിടത്തും നിത്യവും ഓരോന്നും നടന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയിലും മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ നവാഗതരെ വല്ലാതെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. യൂറോപ്യൻനാടായ ബൾഗേറിയയിലും അഹ്മദികൾക്കെതിരിൽ അക്രമപ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞദിവസം ഇതുസംബന്ധമായി റിപ്പോർട്ട് വന്നിരുന്നു. അവിടെയുള്ള മുഫ്തി പറഞ്ഞ കാരണത്താൽ പോലീസ് ഏഴോ എട്ടോ അഹ്മദികളെ പിടിക്കുകയും അവരോട് വളരെ ക്രൂരമായി പെരുമാറുകയും ചെയ്തു. (ബൾഗേറിയ അടുത്തകാലത്താണ് യൂറോപ്യൻ യൂണിയനിൽ ചേർന്നത്. അവിടെ മുസ്ലിംകൾ കൂടുതലുണ്ട്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിടിക്കപ്പെട്ട എല്ലാവരും വിശ്വാസത്തിൽ സ്ഥിരചിത്തരാണ്. അതുകൊണ്ട് തിരുനബി(സ)ക്കും സഹാബത്തിനും അനുഭവിക്കേണ്ടിവന്ന വിഷമഘട്ടങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടതാണ്. നമുക്ക് അതിന്റെ പത്തിലൊരംശം പോലും അനുഭവിക്കേണ്ടി വന്നിട്ടില്ല. നമ്മുടെ ആരാധനകളും ത്യാഗങ്ങളും പൂർണ്ണമായും അല്ലാഹുവിനു വേണ്ടിയാണെങ്കിൽ നമ്മുടെ ജീവിതവും നമ്മുടെ മരണവും അല്ലാഹുവിനു വേണ്ടിയാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ നമുക്ക് നിത്യജീവൻ ലഭിക്കുന്നതോടൊപ്പം ആയിരക്കണക്കിന് മൃതരെ ജീവിപ്പിക്കുന്നവരായി നാം മാറുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ആദ്യമായി ദുആയിൽ ഊന്നൽ നൽകിക്കൊണ്ട് തിരുസുന്നത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിന് ജീവൻ നൽകുന്നവരായിത്തീരാൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. ഇതിന് നമ്മുടെ പ്രവർത്തനം ശരിയാക്കേണ്ടതാണ്. തിരുനബി(സ) നമ്മുടെ മുമ്പിൽ കാഴ്ചവെച്ച ഇബാദത്തിന്റെ നിലവാരം കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഇതു സംബന്ധമായി ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു;

(ഞാൻ നേരത്തെ പറഞ്ഞ പുസ്തകത്തിൽ ഹദ്റത്ത് ആയിശ(റ)വിന്റെ പേരുപറഞ്ഞുകൊണ്ട് പല ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ട്) തിരുനബി(സ) ക്ക് ഏറ്റവും കൂടുതൽ ആരോടായിരുന്നു സ്നേഹം എന്നതിനെകുറിച്ച് ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു; ഒരു രാത്രി തിരുനബി(സ) എന്റെ അടുത്ത് വന്നു. ഒമ്പത് ദിവസത്തിൽ ഒരിക്കലാണ് എന്റെ അടുത്ത് വരാറുള്ളത്. ഞാൻ രാത്രിയിൽ ഉണർന്ന് നോക്കുമ്പോൾ തിരുനബി(സ)യെ കിടക്കയിൽ കണ്ടില്ല. ഞാൻ പേടിച്ച് പുറത്തിറങ്ങി. അപ്പോൾ കാണുന്നത് സുജൂദിൽ കിടന്നുകൊണ്ട് പ്രാർത്ഥിക്കുന്ന തിരുനബിയെയാണ്. അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു; 'എന്റെ നാഥാ എന്റെ ഹൃദയവും ആത്മാവും നിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു.' തിരുനബി(സ)യുടെ വ്യക്തിത്വത്തെ ആക്ഷേപിക്കുന്ന വർക്കുള്ള മറുപടികൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. ഉറങ്ങുന്ന സന്ദർഭങ്ങളിലും അല്ലാഹുവിനെ സ്മരിക്കുന്നതിനെക്കുറിച്ച് പറയുന്നു. എന്റെ ഇരു കണ്ണുകളും ഉറങ്ങുന്നു എന്നാൽ ഹൃദയം ഉണർന്നിരിക്കുകയാണ്. ഹൃദയം ഉണർന്നിരിക്കുമ്പോൾ അവിടെ ദൈവസ്മരണയാണ് നിലനിൽക്കുന്നത്. ഓരോ ചലനവും അല്ലാഹുവിനെ ഓർമ്മിക്കുന്നതായി വിനിയോഗിക്കുന്നു. വിവിധ സന്ദർഭങ്ങളിൽ വിവിധ അവസ്ഥകളിൽ തങ്ങളുടെ മാതൃകയിലൂടെ നമുക്ക് പഠിപ്പിച്ചുതന്ന ദുആകൾതന്നെ തിരുനബിയുടെ അനക്കമടക്കമെല്ലാം ആരാധനയാണെന്ന് തെളിയിക്കുന്നു, ഒരു വിശ്വാസിയുടെ ഓരോ പ്രവർത്തിയും ഓരോ അനക്കമടക്കവും ആരാധനയായി മാറ്റാൻ കഴിയുമെന്ന് ആ പുണ്യപൂമാൻ നമുക്ക് പഠിപ്പിച്ചുതരികയുണ്ടായി. ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതി സ്വായത്തമാക്കുന്നതാക്കിമാറ്റുകയും അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കുന്ന തിനായി ചെയ്യുകയും ചെയ്താൽ എല്ലാം ആരാധനയായി മാറുന്നതാണ്.

ഒരിക്കൽ തിരുനബി(സ) ഒരു സഹാബിയുടെ വീട്ടിൽ പോയി. അദ്ദേഹം പുതിയൊരു വീടുണ്ടാക്കിയിരുന്നു. ആ വീട്ടിൽ ജനലുകൾ ഉണ്ടായിരുന്നു. ജനലുകൾ വെക്കുന്നത് എന്തിനാണെന്ന് തിരുനബിക്കറിയാമായിരുന്നു. തിരുനബി (സ) ആ സഹാബിക്ക് തർബിയ്യത്ത് നൽകുന്നതിനായി ചോദിച്ചു. ഈ ജനൽ എന്തിനാണ് വെച്ചത്? അദ്ദേഹം പറഞ്ഞു. കാറ്റും വെളിച്ചവും കടക്കാൻ. തിരുനബി പറഞ്ഞു ശരിയാണ് ,എന്നാൽ ഇതു വെക്കുമ്പോൾ ഈ ജനലിലൂടെ ബാങ്കിന്റെ ശബ്ദം കേൾക്കാൻ കഴിയുമല്ലോ എന്നും അങ്ങിനെ എനിക്ക് നമസ്കാരത്തിന് പോകാൻ പറ്റുമല്ലോ എന്നും ചിന്തിച്ചുകൊണ്ടായിരുന്നുവെങ്കിൽ താങ്കൾ നേരത്തെ വിവരിച്ച രണ്ട് ഉദ്ദേശ്യങ്ങളും സാധിക്കുമായിരുന്നു. അതോടൊപ്പം പ്രതിഫലം ലഭിക്കുകയും ചെയ്യുമായിരുന്നു.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചുകൊണ്ട് തന്റെ ഭാര്യയുടെ വായിൽ ഒരു കഷണം അപ്പം ഇട്ടുകൊടുക്കുകയാണെങ്കിലും അതിന് പ്രതിഫലം ലഭിക്കുന്നതാണ്. അപ്പക്കഷ ണം എന്നതിന്റെ അർത്ഥം, ഭാര്യാമക്കളുടെ പരിപാലനമാണ്. അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കലാണ്. തന്റെ വീടിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന ഉത്തരവാദിത്വം ഒരു പുരുഷനുണ്ട്. ഈ ഉത്തരവാദിത്വം അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചുകൊണ്ട്, അവന്റെ കല്പനയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഒരാൾ ചെയ്യുകയാണെങ്കിൽ അത് പ്രതിഫലത്തിന് കാരണമായിത്തീരുന്നു. സ്വന്തം വീട്ടിൽനിന്നും എന്നേയും എന്റെ മക്കളേയും സേവിക്കാനായി വന്ന എന്റെ ഭാര്യയെ പരിപാലിക്കേണ്ടത് എന്നിൽ അല്ലാഹു അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു ഭർത്താവ്, തന്റെ ഭാര്യയുടേയും മക്കളുടേയും ആവശ്യങ്ങൾ ദൈവപ്രീതി മുൻനിർത്തി നിറവേറ്റുകയാണെങ്കിൽ അത് തീർച്ചയായും പ്രതിഫലത്തിന് കാരണമായിത്തീരുന്നതാണ്. അത് ഒരാരാധനയായി മാറുന്നതാണ്. ഓരോ അഹ്മദിയുടേയും ചിന്താഗതി ഇതായിത്തീരുകയാണെങ്കിൽ പലവിധ കുടുംബകലഹങ്ങളും ഇതു മുഖേന ഇല്ലാതായിത്തീരുന്നതാണ്. ഭർത്താവിനെ സേവിക്കുകയാണ് എന്നിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വമെന്നും, അവരുടെ ആവശ്യങ്ങൾ ഞാൻ നിറവേറ്റേണ്ടതാണെന്നും ഭാര്യ മനസ്സിലാക്കുകയും അല്ലാഹുവിന്റെ പ്രീതിക്കായി ഞാനിത് ചെയ്യുന്നു എന്നും അവൾ മനസ്സിലാക്കേണ്ടതാണ്. തിരുനബി(സ) ഇരുകൂട്ടർക്കും അവരുടെ ഉത്തരവാദിത്വങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുകയും ഈ ഉത്തരവാദിത്വങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കായി നിങ്ങൾ നിറവേറ്റുകയാണെങ്കിൽ ഇതെല്ലാം ആരാധനയായിത്തീരുന്നതാണെന്നും ഉപദേശിക്കുന്നു, ഈ ചെറിയ ചെറിയ കാര്യങ്ങൾ നാം ചെയ്യുമ്പോൾ നമ്മുടെ വീടുകൾ സ്വർഗ്ഗതുല്യമായി മാറുന്നതായിരിക്കും.

തിരുനബി(സ) യുടെ ആരാധനയെക്കുറിച്ച് ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു. ഒരു രാത്രി തഹജ്ജുദിന്റെ സമയം തിരുനബി സുജൂദിൽക്കിടന്ന് ഇപ്രകാരം പ്രാർത്ഥിക്കുന്നതായി ഞാൻ കണ്ടു അല്ലാഹുവേ നിനക്ക് വേണ്ടി എന്റെ ശരീരവും ജീവനും സുജൂദിലാണ്, എന്റെ ഹൃദയം നിന്നിൽ വിശ്വസിക്കുന്നു, എന്റെ നാഥാ എന്റെ ഇരു കൈകളും നിന്റെ മുമ്പിൽ നീട്ടിയിരിക്കുന്നു. ഇതു മുഖേന ഞാൻ എന്റെ നഫ്സിനോട് എന്തെല്ലാം അന്യായങ്ങൾ ചെയ്തിട്ടുണ്ടോ അതെല്ലാം നിന്റെ മുമ്പിലുണ്ട്. മഹത്വമുടയവനായോനേ എല്ലാ മഹത്വങ്ങളും നിന്നിൽ നിന്ന് പ്രതീക്ഷിക്കുന്നു. എന്റെ എല്ലാ വലിയ പാപങ്ങളേയും നീ പൊറുത്തുതരേണമേ. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു. ഇതിനുശേഷം നബി(സ) എന്നോട് പറഞ്ഞു. ഹദ്റത്ത് ജിബ്രീൽ ഈ വചനങ്ങൾ ഉരുവിടാൻ എന്നോട് പറയുകയുണ്ടായി. അതുകൊണ്ട് നീയും ഇത് ഉരുവിടുക.

എന്റെ നമസ്കാരവും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം അല്ലാഹുവിന് വേണ്ടിയുള്ളതാണെന്നും, എനിക്കായി എന്റെ ഇഷ്ടത്തിന് ചെയ്യുന്നതായ ഒരു പ്രവർത്തിയും ഇല്ലെന്നും എല്ലാം അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്നതാണെന്നും ലോകത്തോട് പ്രഖ്യാപിക്കുക എന്ന് അല്ലാഹു പറഞ്ഞ ആ പരിപൂർണ്ണ ദാസൻ തന്റെ ദാസത്വം ഏതുരീതിയിലാണ് പ്രകടിപ്പിക്കുന്നത് എന്ന് നോക്കുക. ഞാനെന്റെ റബ്ബിനോട് അക്രമം ചെയ്തുപോയെന്ന് താണുകേണപേക്ഷിക്കുകയാണ്. എന്നിട്ട് പാപപ്പൊറുതിക്കായി യാചിക്കുന്നു. ഈ മാതൃകയെല്ലാം നമുക്കായി നിലനാട്ടപ്പെട്ടിരിക്കയാണ്. ഏതൊരു നന്മ ചെയ്താലും ഒരിക്കലും അതിൽ അഹങ്കരിക്കാൻ പാടില്ല. അല്ലാഹുവിന്റെ വിനീതദാസരായി അവന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ടിരിക്കുക. അവന്റെ കാരുണ്യത്തിനായി തേടിക്കൊണ്ടിരിക്കുക.

തിരുനബി(സ)ന്റെ നീതി നിർവ്വഹണത്തെസംബന്ധിച്ചാണ് ഇനി ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. തിരുനബി (സ) അരുളി; നിങ്ങൾക്കു മുമ്പുള്ള സമുദായങ്ങൾ നശിക്കുവാനുള്ള ഒരു കാരണം അവരിലുള്ള ശക്തർ വല്ല തെറ്റും ചെയ്താൽ അവരെ വിട്ടുകളയുകയും ബലഹീനർ വല്ല തെറ്റും ചെയ്താൽ അവരെ ശിക്ഷിക്കുകയും ചെയ്തിരുന്നു എന്നതാണ്. ഇത് എന്റെ ഉമ്മത്തിൽ ഉണ്ടാകാൻ പാടില്ല. ഇന്ന് അനീതി എവിടേയും നമുക്ക് കാണാൻ സാധിക്കും. മുസ്ലീകളിലും ഈ ദുശ്ശീലം കടന്നുകൂടിയിട്ടുണ്ട്.

ഒരു ഗോത്രത്തിലെ പേരും പ്രശസ്തിയുമുള്ള ഒരു സ്ത്രീ കളവ് നടത്തി. അവരുടെ പേര് ഫാത്വിമ എന്നായിരുന്നു. കട്ടതിനുള്ള ശിക്ഷ തിരുനബി(സ) അവർക്ക് വിധിച്ചു. സഹാബത്ത് അവരെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ ആർക്കും തിരുനബിയുടെ അടുത്ത്ചെന്ന് അവർക്കായി ശുപാർശ ചെയ്യാൻ ധൈര്യം വന്നില്ല. ഹദ്റത്ത് ഉസാമ(റ)നെ എല്ലാവരും ചേർന്ന് ശുപാർശ ചെയ്യാനായി അയച്ചു. അദ്ദേഹം ശുപാ ർശ ചെയ്തപ്പോൾ തിരുനബിയുടെ മുഖം പെട്ടെന്ന് വിവർണമായി. എന്നിട്ട് പറഞ്ഞു എന്റെ മകൾ ഫാത്വിമയാണ് ഇങ്ങനെ ചെയ്തിരുന്നത് എങ്കിൽ അവൾക്കും ഞാൻ ഇതേ ശിക്ഷ നൽകുമായിരുന്നു. തിരുനബി(സ) നിലനാട്ടിയ നീതിനിഷ്ഠയായിരുന്നു ഇത്.

അബൂദർഗഫ്ഫാരി(റ) വിവരിക്കുന്നു. ഒരിക്കൽ ഞാൻ രണ്ട് യുവാക്കളേയും കൊണ്ട് തിരുനബി(സ) യുടെ അടുത്ത് ചെന്നു. എന്നിട്ട് ഞാൻ പറഞ്ഞു, ഇവരെ സകാത്ത് പിരിക്കുന്ന ഡ്യൂട്ടിക്ക് നിയമിച്ചാൽ കൊള്ളാമായിരുന്നു എന്നതാണ് ഇവരുടെയും എന്റേയും അഭിപ്രായം. ഇതുകേട്ടപ്പോൾ തിരുനബി(സ) അരുളി അബുദർ ആരാണോ സ്ഥാനം ആഗ്രഹിക്കുന്നത് അവർക്ക് നാം സ്ഥാനം നൽകാറില്ല. അല്ലാഹു നൽകുകയാണെങ്കിൽ അത് നിർവ്വഹിക്കുവാനുള്ള കഴിവും അവൻ നൽകുന്നതാണ്. അല്ലാഹു അവരെ സഹായിക്കുന്നതാണ്. എന്നാൽ ഒരു സ്ഥാനം ആവശ്യപ്പെട്ട് വാങ്ങുകയാണെങ്കിൽ ആ ജോലി നിർവ്വഹിക്കാൻ കഴിയാതെ വരുന്നതാണ്. അല്ലാഹു അവരോട് പറയും, നീ കരുതുന്നത് നിനക്കിത് ചെയ്യാൻ സാധിക്കും എന്നല്ലെ, അത്കൊണ്ട് എല്ലാം സ്വയം തന്നെ ചെയ്യുക.

സ്ഥാനം മോഹിക്കുന്നതിൽ തന്റെ നഫ്സിന്റെ പൊങ്ങച്ചവും അടങ്ങിയിരിക്കുന്നു. അല്ലാഹുവിന് ഇത് തീരെ ഇഷ്ടമില്ലതാനും. തർബിയ്യത്തിന്റെ കുറവുള്ള സ്ഥലങ്ങളിലെ ജമാഅത്തുകളിൽ ചിലർ സ്ഥാനമോഹികളാണ്. അറിവില്ലാത്ത കാരണം ചിലസ്ഥലങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ തനിക്ക് തന്നെ വോട്ടു ചെയ്യുന്നു. പൊതുവിൽ ജമാഅത്തിന്റെ നിയമങ്ങൾ എല്ലാവർക്കും ഇപ്പോൾ അറിവുള്ളതാണ്. ചില നവാഗതർക്കും മറ്റും മാത്രമേ അറിയാതിരിക്കുകയുള്ളൂ. തനിക്ക് തന്നെ വോട്ട് ചെയ്യുന്നത് ജമാഅത്തിൽ നിരോധിച്ചിരിക്കുകയാണ്. കാരണം തിരുനബി(സ) സ്ഥാനങ്ങൾ മോഹിക്കരുതെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. തനിക്ക് വോട്ട് ചെയ്യുക എന്നതിന്റെ അർത്ഥം ഈ സ്ഥാനത്തിന് ഞാൻ അർഹനാണെന്ന് പറയുകയാണ്.

ഇതേപോലെ മറ്റു ചിലർ ജമാഅത്ത് തെരഞ്ഞെടുപ്പ് വേളയിൽ തന്റെ സമ്മതിദാനാവകാശം വിനിയോഗിക്കാറില്ല. തനിക്ക് സ്വയം വോട്ട് നൽകാൻ ജമാഅത്തിലെ നിയമം അനുവദിക്കാത്തതുകൊണ്ട് മറ്റുള്ളവർക്ക് അവർ വോട്ട് കൊടുക്കാറില്ല. വോട്ട് ചെയ്യാത്ത തിൽനിന്നും മനസ്സിലാക്കപ്പെടുന്നത് എന്നെക്കാളും നല്ല രീതിയിൽ ഈ സ്ഥാനം വഹിക്കുന്നവർ മറ്റാരുമില്ലെന്ന ചിന്തയാണ്. എന്നാൽ സ്വയം വോട്ട് നൽകാൻ പാടില്ലാത്തതുകൊണ്ട് തനിക്ക് വോട്ട് ചെയ്യു ന്നില്ലെന്ന് മാത്രം. ഇതിൽനിന്നെല്ലാം വിട്ടുനിൽക്കേണ്ടതാണ്. ഇതും തർബിയ്യത്തിന് വളരെ അത്യന്താപേക്ഷിതമാണ്.

ആരിലെങ്കിലും വല്ല കഴിവുമുണ്ടെങ്കിൽ, വൈജ്ഞാനികപരമാ ണെങ്കിലും അതല്ല മറ്റുവല്ല ഫീൽഡിലുമാണെങ്കിലും, ഭാരവാഹികളെ സഹായിച്ചുകൊണ്ട് അത് പ്രകടമാക്കാവുന്നതാണ്. സ്ഥാനമൊന്നു മില്ലാതെയും സേവനം ചെയ്യാവുന്നതാണ്. അല്ലാഹുവിന്റെ പ്രീതി ക്കാണ് സേ വനം ചെയ്യുന്നതെങ്കിൽ പിന്നെ എന്തെങ്കിലും സ്ഥാനം ആഗ്രഹിക്കുന്നത് എന്തിന്. എല്ലാ അഹ്മദികളും പുതിയവരും പഴ യവരും യുവാക്കളും ഓർത്തിരിക്കേണ്ടതാണിത്. പഴയ അഹ്മദി കളിൽ ചിലർ ഞങ്ങൾക്കാണ് അനുഭവമുള്ളത് എന്ന് പറഞ്ഞ് ചില പ്പോൾ അതിരുവിടാറുണ്ട്. അവരും ഇക്കാര്യങ്ങൾ ഓർത്തിരിക്കേ ണ്ടതാണ്. ഭാരവാഹികൾ പൊതുവിൽ തങ്ങളുടെ വ്യക്തിതാൽപര്യ ങ്ങൾ ഇല്ലാതാക്കേണ്ടതാണ്. വെറും നാവിട്ടടിച്ചുകൊണ്ട് ഞാനൊന്നു മല്ലെന്ന് പറയലല്ല. യഥാർത്ഥ രീതിയിൽ അതുണ്ടായിത്തീരണം. ഭാര വാഹികൾ എപ്പോഴും തിരുനബി (സ) പറഞ്ഞ ഭാരവാഹികൾ സമൂ ഹത്തിന്റെ സേവകരാണെന്ന വചനം എപ്പോഴും ഓർത്തിരിക്കേണ്ട താണ്. മറ്റൊരിക്കൽ ഹദ്റത്ത് അബൂദർ (റ) നെ നോക്കികൊണ്ട് തിരുനബി(സ) അരുളി, ഭാരവാഹിത്വം ഒരു അമാനത്താണ്. മനു ഷ്യൻ ബലഹീനനും. ഇത് അല്ലാഹുവിൽനിന്ന് നൽകപ്പെട്ട ഒരമാന ത്താണ്. ഈ അമാനത്തിനെ വേണ്ട രീതിയിൽ വിനിയോഗിച്ചിട്ടില്ലെ ങ്കിൽ നാളെ ചോദിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഈ അമാന ത്തുകളെ പൂർണ്ണമായ രീതിയിൽ വിനിയോഗിക്കാനായി തങ്ങളുടെ എല്ലാ കഴിവുകളും പ്രയോഗിക്കേണ്ടതാണ്. സേവനം ചെയ്യുകയും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുകയും ചെയ്യുക. ഓരോ നിമിഷവും ഓരോ ചുവടിലും അല്ലാഹു എനിക്ക് മാർഗ്ഗ ദർശനം നൽകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. അപ്പോൾ മാത്രമേ ഭാരവാഹികൾക്ക് തങ്ങളുടെ സേവനം പൂർണ്ണമായ രീതി യിൽ ചെയ്യാൻ സാധിക്കുകയുള്ളു.

ചിലപ്പോൾ എന്റെ അടുത്തു വന്ന് ചിലർ ചോദിക്കാറുണ്ട്. ജമാ അത്തിന്റെ വല്ല സേവനവും ചെയ്യാനുണ്ടെങ്കിൽ പറഞ്ഞാലും എന്ന്. യുവാക്കളെ ഞാൻ പ്രത്യേകിച്ച് ഒരു കാര്യം ഉണർത്താറുണ്ട്. അവർ ചോദിക്കുന്ന ത് സേവനത്തിനായി വല്ല സ്ഥാനവും ഉണ്ടോ എന്നാ ണ്. അപ്പോൾ ഞാൻ അവരോട് പറയാറുള്ളത് നിങ്ങൾക്ക് സ്ഥാന മൊന്നും നൽകുന്നില്ല, മറിച്ച് നിങ്ങൾക്ക് സേവനം ചെയ്യാനുള്ള ഒര വസരം നൽകുന്നു എന്നാണ് . സേവനത്തിനു തയ്യാറാകുമ്പോഴാണ് യഥാർത്ഥ അർത്ഥത്തിൽ ഖാദിമായി മാറുക.

ഞാൻ കേൾപ്പിച്ച തിരുനബി(സ)ന്റെ ഒരോ മാതൃകയും നമുക്ക് ജീവിതത്തിന്റെ നാനാതുറകളിലും കാണാൻ സാധിക്കുന്നതാണ്. യാത്ര ചെയ്യുമ്പോൾ യാത്രാവാഹനം കുറവുള്ള അവസരങ്ങളിൽ രണ്ടുപേർക്കിടയിൽ ഒരു യാത്രാമൃഗത്തെ വീതിച്ചുകൊടുത്തിട്ടു ണ്ടെങ്കിൽ തിരുനബി(സ)തന്റെ കൂടെയുള്ളവർ തന്നെക്കാൾ പ്രായ ത്തിൽ എത്ര ചെറുതാണെങ്കിൽ പോലും എത്രസമയം തിരുനബി യാത്രചെയ്തോ അത്രതന്നെ സമയം കൂടെയുള്ളവർക്കും വിട്ടു കൊടുത്ത് സ്വയം നടക്കുമായിരുന്നു.

അല്ലാഹു പറയുന്നു , ഏതെങ്കിലും ഒരു സമൂഹത്തോടുള്ള ശത്രുത നിങ്ങളെ അവരോട് നീതി പുലർത്തുന്നതിൽ നിന്നും തട യാതിരിക്കട്ടെ. നിങ്ങൾ നീതി പുലർത്തുക. അത് തഖ്‌വക്ക് ഏറ്റവും അടുത്താണ്. (5:9) അല്ലാഹുവിന്റെ ഈ കല്പന ഏതുരീതി യിലാണ് അവിടുന്ന് നടപ്പിൽ വരുത്തിയത് എന്നതിന് ഒരുദാഹരണം ഞാൻ കേൾപ്പിക്കാം.

യഹൂദികളുടെ പ്രസിദ്ധ കോട്ട ഖൈബർ കീഴടക്കിയപ്പോൾ അതിന്റെ ഭൂമി യുദ്ധത്തിൽ പങ്കെടുത്തവർക്കിടയിൽ വീതിച്ചുകൊ ടുക്കുകയുണ്ടായി. നല്ല ഫലഭൂയിഷ്ഠമുള്ള ഭൂമിയായിരുന്നു അത്. ഈന്തപ്പനത്തോട്ടങ്ങൾ അവിടെയുണ്ടായിരുന്നു. ഈത്തപ്പഴത്തിന്റെ വിളവെടുപ്പ് സമയം വന്നപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു സു ഹൈൽ തന്റെ സഹോദരൻ മഈശയോടൊപ്പം അവി ടെ പോയി. അവർ രണ്ടുപേരും അവിടെ എത്തി. കുറച്ചു നേരത്തേക്ക് വേർപി രിഞ്ഞു. അവർ രണ്ടുപേരും വേർപിരിഞ്ഞപ്പോൾ അബ്ദുല്ലായെ ഒറ്റക്ക് കണ്ട ആരോ അദ്ദേഹത്തെ വധിക്കുകയുണ്ടായി. അദ്ദേഹ ത്തിന്റെ മൃതശരീരം ഒരു കുഴിയിലേക്ക് വലിച്ചെറിയുകയും ചെയ്തു. ഈ കോട്ട യഹൂദികളിൽനിന്നും പിടിച്ചെടുത്തതായിരു ന്നു. യഹൂദികൾ അവിടെ ഉണ്ടായിരുന്നു. അവരിൽ ആരെങ്കിലും വധിക്കാനാണ് പൂർണ്ണസാധ്യതയുള്ളത്. മുസ്‌ലീംകൾ ആരും വധി ക്കാൻ സാധ്യതയില്ല. കാരണം അദ്ദേഹത്തോട് ആർക്കും ശത്രുത ഉണ്ടായിരുന്നില്ല. ഈ കാര്യം തിരുനബിയുടെ മുമ്പിൽ സമർപ്പിക്ക പ്പെടുകയുണ്ടായി. യഹൂദികളാണ് കൊന്നത് എന്ന് തിരുനബിയോട് പറഞ്ഞു. മഈശയോട് തിരുനബി(സ) ചോദിച്ചു ഇദ്ദേഹത്തെ കൊന്നത് യഹൂദിയാണെന്ന് സത്യം ചെയ്യാൻ താങ്കൾ തയ്യാറാണോ. അദ്ദേഹം പറഞ്ഞു ഞാനെന്റെ കണ്ണുകൊണ്ട് കൊല്ലുന്നത് കണ്ടിട്ടി ല്ല. നേരിൽ കാണാത്തതുകൊണ്ട് സത്യം ചെയ്യാൻ തയ്യാറല്ല. തിരു നബി (സ) പറഞ്ഞു. ഇനി യഹൂദിക ളോട് സത്യം ചെയ്യിപ്പിക്കാം. ഇതുകേട്ടപ്പോൾ മഈശ തിരുനബി(സ)യോട് പറഞ്ഞു, യഹൂദികളെ നമുക്കെങ്ങിനെ വിശ്വസിക്കാൻകൊള്ളാം. അവർ വേണമെങ്കിൽ 100 പ്രാവശ്യവും കള്ള സത്യം ചെയ്യുന്നതാണ്. ഇവിടെ നീതി നട പ്പിൽ വരുത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് യഹൂദികളോട് സത്യം ചെയ്യാൻ പറഞ്ഞു. ഞങ്ങളല്ല കൊന്നത് എന്ന് പറഞ്ഞ് അവർ സത്യം ചെയ്തു. അതിനുശേഷം ബൈത്തുൽ മാലിൽ നിന്ന് അബ്ദുല്ലായുടെ രക്തത്തിന് പ്രതിക്രിയ നൽകുകയുണ്ടായി. തിരു നബി(സ) നിലനാട്ടിയ നീതിയാണിത്. ജീവിതത്തിലെ ഏതു മണ്ഡ ലമെടുത്താലും അവിടെയെല്ലാം തിരുനബി(സ)യുടെ മാതൃക നമുക്ക് കാണാൻ സാധിക്കുന്നതാണ്. എന്നാൽ ഇന്നുള്ള പണ്ഡിത വേഷധാരികൾ, ഇസ്‌ലാമിന്റെ ധ്വജവാഹകരാണ് ഞങ്ങളെന്ന് വാദി ക്കുന്ന ഇവർ അഹ്മദികൾക്കെതിരിൽ പച്ചക്കള്ളം പറഞ്ഞ്, കള്ള സത്യങ്ങൾ ചെയ്ത് കേസ്സുകൾ രജിസ്റ്റർ ചെയ്യിപ്പിക്കുന്നു. വളരെ നീചമായ കാര്യങ്ങൾ അഹ്മദികൾക്കെതിരിൽ ഉന്നയിച്ചുകൊണ്ട് എഫ്. ഐ. ആർ എഴുതിപ്പിക്കുന്നു. അതിന് സാക്ഷികളായി ഇവർ നിൽക്കുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള അൽപം പോലും ഭയം ഇവർക്കില്ല. തിരുനബിയെ പിൻപറ്റുന്നവരായിരുന്നെങ്കിൽ ഇവ രിൽ ദൈവഭയം ഉണ്ടായേനെ. യഹൂദികളെ സംബന്ധിച്ച് അവർ കള്ളസത്യം ചെയ്യും എന്ന് മഈശ പറഞ്ഞത് ഇന്ന് ആരിലാണ് പൂർത്തിയായിക്കൊണ്ടിരിക്കുന്നത് എന്ന് നോക്കുക. ഈ നാമധാ

രികളായ പണ്ഢിതരുടെ കളിപ്പാവകളായി മാറിയ സാധു മുസ്ലീകളോട് അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. ഇതുമുഖേന പല വീടുകളും തകരുന്നുണ്ടെന്ന കാര്യം ഈ മുല്ലാക്കൾ അറിയുന്നില്ല. ഒരു മുസ്ലിമിന്റെ കയ്യാൽ മറ്റൊരു മുസ്ലിം വധിക്കപ്പെടരുതെന്ന് അല്ലാഹു നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ ലോകത്തും പരലോകത്തും അവർക്ക് ശിക്ഷ ലഭിക്കുന്നതാണ്. എന്നാൽ ഇന്ന് പാകിസ്ഥാനിൽ ഒരു മൃഗത്തിന്റെ രക്തത്തിനുള്ള വിലപോലും മനുഷ്യരക്തത്തിന് ഇല്ലാതായിത്തീർന്നിരിക്കുന്നു. ഹജ്ജത്തുൽവിദാഇൽ തിരുനബി (സ) നൽകിയ അന്തിമ ഉപദേശത്തിൽ പറഞ്ഞത് ഈ ദിനത്തിന്റെയും മാസത്തിന്റെയും പവിത്രത സംരക്ഷിക്കുന്നതുപോലെ നിങ്ങളുടെ രക്തവും ധനവും പരസ്പരം സംരക്ഷിക്കപ്പെടേണ്ടതാണ്. ഇവിടെ തിരുനബി ഒരോ മുസ്ലിമിനേയും മറ്റു മുസ്ലിംകളുടെ ജീവനും സ്വത്തും സംരക്ഷിക്കണം എന്ന ചുമതല ഏൽപിച്ചിരിക്കുന്നു. എന്നാൽ ഇന്ന് പാകിസ്ഥാനിൽ പരസ്പരം കൊള്ളയടിക്കുന്നു. അഹ്മദികളെ അല്ലാഹുവിന്റെ പേരിൽ കൊള്ളയടിക്കുന്നു. കലിമ ചൊല്ലുന്ന എല്ലാവരും മുസ്ലിമാണെന്നാണ് തിരുനബി അരുളിയിട്ടുള്ളത്. മുസ്ലിംകളുടെ അവസ്ഥയിൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. റഹ്മത്തുൽ ലിൽ ആലമീന്റെ യഥാർത്ഥ മാതൃക പിൻപറ്റാൻ അവർക്ക് തൗഫീക്ക് നൽകുമാറാകട്ടെ. അല്ലാഹു നമുക്കും തിരുദൂതരുടെ മാർഗ്ഗം പിൻപറ്റിക്കൊണ്ട് നമ്മുടെ ജീവിതത്തേയും ആ രീതിയിൽ വാർത്തെടുക്കാൻ തൗഫീക്ക് നൽകുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 13- 03 - 2009 at**
**Baithul Futuh**
**UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**